**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4908** **11-08-2021 - ൽ മറുപടിയ്ക്ക്**

**താലൂക്ക് ആശുപത്രികളിൽ നിർബന്ധമായും അനുവദിക്കേണ്ട ചികിത്സാവിഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ മാനദണ്ഡപ്രകാരം നിർബന്ധമായും അനുവദിക്കേണ്ട ചികിത്സാവിഭാഗങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഓരോ താലൂക്ക് ആശുപത്രിയിലും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ എത്രയെന്ന് അറിയിക്കാമോ; | (എ) | ആർദ്രം മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ അനുവദിക്കേണ്ട ചികിത്സാ വിഭാഗങ്ങൾ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റെസ്ട്രിക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഒഫ്താൽമോളജി,ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ, സൈക്യാട്രി, കാഷ്വാലിറ്റി, ഡെന്റൽ എന്നിവയാണ്. ഓരോ താലൂക്ക് ആശുപത്രിയിലും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | പിറവം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; ഇനി ഏതെല്ലാം വിഭാഗങ്ങൾ ആരംഭിക്കാനുണ്ട്; അവ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ; | (ബി) | ജനറൽ മെഡിസിൻ, ഒഫ്ത്താൽമോളജി, ഡെന്റൽ വിഭാഗം, ഇ.എൻ.റ്റി എന്നിവയുടെ ഔട്ട് പേഷ്യന്റ് വിഭാഗം , കാഷ്വാലിറ്റി വിഭാഗം, ഡയാലിസിസ് യൂണിറ്റ്, പാലിയേറ്റീവ് യൂണിറ്റ്, കിടത്തി ചികിത്സാ വിഭാഗം എന്നിവയാണ് പിറവം താലൂക്കാശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്നത്.നേത്രരോഗ വിഭാഗം, ഓപ്പറേഷൻ തീയേറ്റർ എന്നിവ ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കുന്നതുമാണ്. ഇ.എൻ.ടി വിഭാഗം, ഓർത്തോ വിഭാഗം എന്നിവ പുതുതായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ അനുവദിച്ച സ്റ്റാഫ് പാറ്റേൺ എത്രയാണ്; അതിൽ ഇനിയും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പിറവം താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ച സ്റ്റാഫ് പാറ്റേൺ, ഒഴിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനബന്ധം II ആയി ചേർക്കുന്നു. ആയതിൽ ഒരു സി.എം.ഒ-യുടെയും, ഒരു അസിസ്റ്റന്റ് സർജന്റെയും, ഒരു ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടിന്റെയും ഒഴിവുണ്ട്. |

സെക്ഷൻ ഓഫീസർ